തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം – 676 502

# പതിനഞ്ചാമത് ഗവേഷണസഭാ യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**

**2019 സെപ്തംബർ 23, രാവിലെ 10.30**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. സി.പി അച്യുതനുണ്ണി
4. ഡോ. എം.ആർ. രാഘവവാരിയർ
5. ഡോ. സി.എം. നീലകണ്ഠൻ
6 ഡോ. എ.കെ. നമ്പ്യാർ
7. ഡോ. എം. ശ്രീനാഥൻ
8. ഡോ. കെ.എം. ഭരതൻ

## യോഗനടപടികളും തീരുമാനങ്ങളും

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ കൃത്യസമയത്ത് യോഗം ആരംഭിച്ചു. യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ചു.

ഇനം **1/15**

### ഗവേഷണ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ച സാഹചര്യത്തിൽ അവധി അനുവദിക്കുന്നത് സംബന്ധിച്ച്

നമ്പർ: 2469/എ1/2019/അക്കാദമികം

**തീരുമാനം 1/15**

ഗവേഷക വിദ്യാർത്ഥിനി അനശ്വരയ്ക്ക് അവധി അനുവദിക്കുന്ന വിഷയം വിശദമായി ചർച്ച ചെയ്ത ശേഷം പൊതു തീരുമാനം കൈക്കൊണ്ടു. ഏതു വിഷയം എടുത്ത ഗവേഷണ വിദ്യാർത്ഥി ആയാലും ഗവേഷണ കാലയളവിൽ പഠനവുമായി ബന്ധപ്പെട്ട് സ്ഥിരമോ/ താൽകാലികമോ ആയ ജോലി ലഭിച്ചാൽ കോഴ്സ് വർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ പാർട്ട്ടൈം ഗവേഷണം അനുവദിക്കാവുന്നതാണ്. ഗവേഷണപദ്ധതി ആരംഭിച്ച് ആറു വർഷത്തിനകം അവർ പ്രബന്ധം സമർപ്പിക്കേണ്ടതുണ്ട്. ഒരിക്കൽ പാർടൈം ആയി മാറി കഴിഞ്ഞാൽ പിന്നീട് ഫുൾടൈം വിദ്യാർത്ഥിയായി ഒരു തരത്തിലും പരിഗണിക്കപ്പെടേണ്ടതില്ല.

ഇനം **2/15**

## ഭാഗിക ഗവേഷണകാലാവധി കോഴ്സ് വർക്കായി പരിഗണിക്കണമെന്ന ഡോ. അശോക് ഡിക്രൂസിന്റെ അപേക്ഷ സംബന്ധിച്ച്

നമ്പർ: 1033/എ1/2019/അഡ്മിൻ

**തീരുമാനം 2/15** അധികം വാങ്ങിയ ശമ്പളം തിരിച്ചടച്ച സാഹചര്യത്തിൽ 2017 ജൂൺ 1 മുതൽ ജൂലൈ 16 വരെയുള്ള കാലയളവ് കോഴ്സ് വർക്കായി പരിഗണിക്കണമെന്ന ഡോ. അശോക് ഡിക്രൂസിന്റെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കാൻ ശുപാർശ ചെയ്തു.

ഇനം **3/15**

## വിദ്യാർത്ഥിനികൾക്ക് പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച്

നമ്പർ: 1364/എ1/2019/അഡ്മിൻ

**തീരുമാനം 3/15** ശ്രീമതി സുബി ടി. ക്ക് ഡോക്ടറുടെ ശുപാർശയനുസരിച്ച് 45 ദിവസത്തെ ഗർഭഛിദ്രാവധി അനുവദിക്കാവുന്നതാണ്. ഇത്തരം അവധി ഗവേഷണ കാലയളവിൽ ഫെലോഷിപ്പോടുകൂടി ഒരു തവണ മാത്രമേ അനുവദിക്കാവൂ. വനിതാഗവേഷകർക്ക് നിലവിലുള്ള പ്രസവാവധിക്കു പുറമെയുള്ള ആനുകൂല്യമാണിത്.

ഇനം **4/15**

## മലയാളസർവകലാശാലയിലെ ഗവേഷകർക്ക് ഗവേഷണാവശ്യങ്ങൾക്കായി പ്രത്യേക അവധി അനുവദിക്കുന്നത് സംബന്ധിച്ച്

നമ്പർ: 1875/എ1/2019/അക്കാദമികം

**തീരുമാനം 4/15** മാർഗനിർദ്ദേശിയുടെ പ്രത്യേക ശുപാർശ പ്രകാരം ഹീബ്രുപഠനത്തിന് രൂപേഷ് മൈക്കിളിന് 50 ദിവസത്തെ അവധി അനുവദിക്കാൻ കൗൺസിൽ ശുപാർശ ചെയ്യുന്നു. ഹീബ്രു പഠനത്തിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ഗവേഷകൻ അപേക്ഷ പുനഃസമർപ്പിക്കേണ്ടതാണ്.

ഇനം **5/15**

## ഗവേഷണശീർഷകം മാറ്റൽ സംബന്ധിച്ച്

നമ്പർ: 1817/എ1/2019/അക്കാദമികം

**തീരുമാനം 5/15** കുമാരി അർച്ചനാ മോഹന്റെ ഗവേഷണശീർഷകമാറ്റം അംഗീകരിക്കുന്നു.

ഇനം **6/15**

## എംഫിൽ/പിഎച്ച്.ഡി. ചട്ടങ്ങളുടെ ഭേദഗതി

നമ്പർ: 2837/എ4/2019/അക്കാദമികം

**തീരുമാനം 6/15** എംഫിൽ/പിഎച്ച്.ഡി. ചട്ടങ്ങളിലെ ഭേദഗതി പരിഷ്കാരങ്ങളോടെ അംഗീകരിച്ചു. 6.13.5 ന്റെ രണ്ടാം ഖണ്ഡം ഇപ്രകാരം തിരുത്തേണ്ടതാണ്: ചട്ടപ്രകാരമനുവദിച്ച 90 ദിവസത്തിനു ശേഷമുള്ള ഏതവധിക്കും മാർഗദർശിയുടെ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്. ഇതിന് വൈസ് ചാൻസലറുടെ അനുമതിയും ആവശ്യമാണ്. ഈ വ്യവസ്ഥ പാലിക്കാത്ത ഏതവധിയും അനധികൃതമായി കണക്കാക്കിക്കൊണ്ട് രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതാണ്.

ഇനം **7/15**

## എം.എ, പിഎച്ച്.ഡി. കോഴ്സുകളുമായി ബന്ധപ്പെട്ട തത്തുല്യത യോഗ്യത നിർണയം സംബന്ധിച്ച്

നമ്പർ: 1770/എ1/2019/അക്കാദമികം

**തീരുമാനം 7/15** ദീപ എം, അനശ്വര എസ്, ഹരിത എൻ.എസ്. എന്നിവരുടെ ഗവേഷണം നിലവിലുള്ള രീതിയിൽ തുടരാൻ കൗൺസിൽ ശുപാർശ ചെയ്യുന്നു. വിഷയമോ മാർഗ്ഗദർശിയേയോ മാറ്റേണ്ടതില്ല. തുല്യതാപരീക്ഷ പാസാവുകയാണെങ്കിൽ അതാത് ഡിസിപ്ലിൻ അനുസരിച്ച് പിഎച്ച്.ഡി. സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവുന്നതാണ്.

(ബി) കോഴ്സ്വർക്കിനുള്ള സിലബസ് അക്കാദമിക് കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നു.

(സി) തുല്യതാപരീക്ഷ പാസാവുന്ന മുറക്ക് ബിരുദസർട്ടിഫിക്കറ്റിൽ മാറ്റം വരുത്താവുന്നതാണ്.

ഖണ്ഡം ഒന്നുമുതൽ 7 വരെ ഭാഗത്തു പറയുന്ന കാര്യങ്ങൾ അക്കാദമിക് കൗൺസിലിലും ചർച്ച ചെയ്യേണ്ടതാണ്.

ഇനം **8/15**

## ഗവേഷണ വിദ്യാർത്ഥികൾക്ക് അനുവദിച്ച അവധിയും പിന്നീട് അവധി നീട്ടികൊടുക്കലും മറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച്

നമ്പർ: 1394/2018/പിഎച്ച്.ഡി./അക്കാദമികം

**തീരുമാനം 8/15** ഗവേഷണസഭയുടെ 1/15 തീരുമാനം ഇവിടെയും ബാധകമാക്കാവുന്നതാണ്.

ഇനം
**9/15**

**എം.എ. വികസനപഠനം (തദ്ദേശവികസനം) കോഴ്സിന്റെ സിലബസ്, തുല്യതാപരീക്ഷയ്ക്കുള്ള പേപ്പറുകൾ, എം. ഫിൽ - പിഎച്ച്.ഡി. ബിരുദ സർട്ടിഫിക്കറ്റ് സംബന്ധി ച്ചുള്ള പഠനബോർഡിന്റെ ശുപാർശകൾ അംഗീകരിക്കു ന്നത് സംബന്ധിച്ച്**

നമ്പർ: 2346/എ2/2018/അഡ്മിൻ

**തീരുമാനം 9/15** എംഫിൽ / പിഎച്ച്.ഡി. വികസനപഠനം (തദ്ദേശവികസനം) എന്ന് മാത്രമേ ബിരുദസർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ. ബ്രാക്കറ്റിൽ ധനത ത്ത്വശാസ്ത്രം എന്ന് രേഖപ്പെടുത്തികൊണ്ട് സർട്ടിഫിക്കറ്റ് നൽകാവുന്നതല്ല. ഇക്കാര്യം അക്കാദമിക് കൗൺസിലിലും ചർച്ച ചെയ്യേണ്ടതാണ്.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

Anil

രജിസ്ട്രാർ ഇൻ ചാർജ്